അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയ നദീജല കരാറുകൾ

106 [1581] ശ്രീ. കെ. മോഹൻകുമാർ :
,, ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. പി. ഗംഗാധരൻ :
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നദികളിലെ ജലം സംബന്ധിച്ചാണ് കേരളവും മറ്റു സംസ്ഥാനങ്ങളും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുള്ളത്;

(ബി) ഈ കരാർ അനുസരിച്ച് ലഭിക്കേണ്ട ജലം ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കരാറിലെ വ്യവസ്ഥകൾ നടപ്പാക്കികിട്ടുവാൻ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോഴെല്ലാം എന്നും അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഏതെങ്കിലും കേസ് ഇപ്പോൾ സുപ്രീം കോടതിയിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ നദികളുടെ പോഷക നദികൾ, ശിരുവാണിപ്പുഴ, മുല്ലയാർ എന്നിവയിലെ ജലത്തിന്റെ ഉപയോഗം എന്നിവ സംബന്ധിച്ചാണ് കേരളവും തമിഴ്നാടുമായി കരാർ ഉണ്ടാക്കിയിട്ടുള്ളത്.

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കേണ്ട ജലം എല്ലാ വർഷങ്ങളിലും യഥാസമയം നിശ്ചിത രീതിയിൽ ലഭിക്കാറില്ല.

(സി) സമീപിച്ചിട്ടില്ല.

(ഡി) ഭവാനിപ്പുഴയിലെ മുക്കാലിതടയണ സംബന്ധിച്ച് തമിഴ്നാട് സർക്കാർ കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ നിന്നും നേടിയ വിധിക്കെതിരെ കേരള സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഇത് കോടതിയുടെ പരിഗണനയിലാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെയും തമിഴ്നാട്ടിലെയും ചില വ്യക്തികളും സംഘടനകളും സമർപ്പിച്ച ഹർജികൾ ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly